പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 837** **30.10.2019-ൽ മറുപടിയ്ക്ക്**

**കടപ്പാറ-തളികക്കല്ലിലേക്കുള്ള റോഡ് നിർമ്മാണം**

**ചോദ്യം**

**ശ്രീ.കെ.ഡി. പ്രസേനൻ**

**മറുപടി**

**എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി പഞ്ചായത്ത് മംഗലം ഡാം പരിസരത്തായി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന കടപ്പാറ-തളികക്കല്ലിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | എ) | കടപ്പാറ-തളികക്കല്ല് റോഡിന്റെ നിർമ്മാണ പ്രവർത്തികളിൽ പാലത്തിന്റെയും, 500 മീറ്റർ റോഡിന്റെയും പണികൾ പൂർത്തീകരിക്കാനുണ്ട്. സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | പ്രസ്തുത റോഡ് നിർമ്മാണം നടത്തുന്ന ഏജൻസി ഏതാണെന്ന് അറിയിക്കാമോ; ആയതിന് ഉപയോഗിക്കുന്ന ഫണ്ടിനെക്കുറിച്ച് വിശദാംശം നൽകാമോ; | ബി) | കടപ്പാറ-തളികക്കല്ല് കോളനി റോഡിന്റെ നിർമ്മാണ ചുമതല സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിനാണ്. അവരുടെ കരാറുകാരായ M/s JASS Associates ആണ് നിർമ്മാണ പ്രവർത്തികൾ നടത്തി വന്നിരുന്നത്. RIDF-19 സ്കീമിൽ ഉൾപ്പെടുത്തി നബാർഡ് ലോൺ തുകയും, ആനുപാതികമായ സംസ്ഥാന വിഹിതവും ഉപയോഗിച്ചാണ് ടി റോഡിന്റെ നിർമ്മാണം നടത്തുന്നത്. 315.15 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിക്കായി 50.42 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിലും, 115.90 ലക്ഷം രൂപ വിവിധ പാർട്ട് ബില്ലിനത്തിലും ചേർത്ത് ആകെ 166.32 ലക്ഷം രൂപ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലായെന്ന് പാലക്കാട് പട്ടികവർഗ്ഗ വികസന ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, തുക അനുവദിക്കുന്നത് സംബന്ധിച്ച് കിറ്റ്കോയുടെ ശുപാർശ ലഭ്യമാകാത്തതിനാലും ഫൈനൽ ബിൽ തുക അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | കടപ്പ്ാറ-തളികക്കല്ല് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് റോഡ് നിർമ്മാണം ദ്രുതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ? | സി) | നബാർഡ് RIDF-19 സ്കീമിന്റെ കാലാവധി 2019 മാർച്ചിൽ അവസാനിക്കുന്ന സാഹചര്യത്തിൽ നബാർഡിന്റെ ഫണ്ട് തുടർന്ന് ലഭ്യമാകാനിടയില്ലാത്തത് കണക്കിലെടുത്ത് പദ്ധതി പ്രവർത്തികൾ മുൻകൂർ അവസാനിപ്പിക്കുന്നതിന് 22.02.2019-ൽ പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇനിയും പൂർത്തീകരിക്കേണ്ട പാലത്തിന്റെയും 500 മീറ്റർ റോഡിന്റെയും പണികൾ കൂടി എത്രയും വേഗം നടപ്പാക്കുന്നതിന്റെ സാധ്യതകളെപ്പറ്റിയും, ഉചിതമായ തുടർനടപടി നിർദ്ദേശങ്ങളെപ്പറ്റിയും റിപ്പോർട്ട് ചെയ്യാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായ ശേഷം അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**